പ്രദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കാളനൈസേഷൻ ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു കോളനിയും, ഈ വർഷത്തിൽ പുതുതായി ആരംഭിച്ചിട്ടില്ല.

(ബി) യാതൊരു സഹായവും നൽകിയിട്ടില്ല.

മരച്ചീനി സഹകരണസംഘങ്ങൾ.

* 981. [6] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മരച്ചീനി ക്രയവിക്രയ സഹകരണസംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പഠനം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ആസൂത്രണം ചെയ്തു വരുന്നതേയുള്ളൂ.

മ്യൂസിയത്തിലെ പ്രദർശനസാധനങ്ങൾ.

* 982. [7] ശ്രീ. വി. ശ്രീധരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തുള്ള മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള ഏർപ്പാടുകൾ തികച്ചും അപര്യാപ്തമല്ലേ ;

(ബി) 1952-ൽ തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന വിലയേറിയ ചില സാധനങ്ങൾ മോഷണം പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതേപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) അല്ല.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) മോഷ്ടാക്കളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല.

കരിമുളക്, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്ന താലൂക്കുകൾ.

* 983. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരിമുളക്, ഇഞ്ചി എന്നിവ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന താലൂക്കുകൾ ഏവ ;

(ബി) അവിടങ്ങളിൽനിന്ന് എത്ര ടൺ കരിമുളകും, ചുക്കും കയറ്റി അയയ്ക്കുന്നുണ്ട് ; ഇതിൽ നിന്നും സംസ്ഥാനത്തിന് എത്ര വരുമാനം ഉണ്ടാകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുരുമുളക്, ഇഞ്ചി, എ ി കൃഷികളുടെ പ്രോത്സാഹ നാർത്ഥം ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികൾ കൈക്കൊണ്ടി ട്ടുണ്ടോ ;

(ഡി) ഈ കൃഷികൾക്ക് ഇന്നു് പിടിപെട്ടുകൊണ്ടിരിക്കുന്ന രോഗങ്ങളെ സംബന്ധിച്ചു് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെങ്കിലും പ്രതിവിധി കണ്ടുപിടിക്കപ്പെട്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മീനച്ചൽ, തൊടുപുഴ, ചങ്ങനാശേരി, കോട്ടയം എന്നി താലൂക്കുകൾ.

(ബി) സംസ്ഥാനത്തിനുള്ള വരുമാനം ഏതു എന്നതു് വിലയെ ആശ്രയിച്ചിരിക്കും. വിലവ്യത്യാസം കൂടക്കുടെ ഉണ്ടാകുന്നുണ്ടു്.

(സി) കുരുമുളക്, ഇഞ്ചി എന്നി കൃഷികളുടെ പ്രോത്സാഹ നാർത്ഥം രണ്ടാംപഞ്ചവത്സര പദ്ധതിയിൽ പ്രത്യേകം പദ്ധതികൾ (Schemes) ഉൾപ്പെടുത്തിയിട്ടുണ്ടു്.

(ഡി) കുരുമുളകിനെ ബാധിക്കുന്ന രോഗങ്ങളെ സംബന്ധിച്ചു് പ്രത്യേകം പഠനം ഒന്നും നടത്തിയിട്ടില്ല. ഈ രോഗങ്ങളെ സംബന്ധിച്ചു് ഗവേഷണം നടത്തുന്നതിനു് ആലോചിക്കുന്നുണ്ടു്.

വളം വിതരണം.

* 984. [9] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55 സാമ്പത്തിക വർഷത്തിൽ കൃഷിക്കാർക്കു് സൗജന്യനിരക്കിലും ഏതെല്ലാം വളങ്ങൾ എത്ര വീതം വിതരണം ചെയ്തിട്ടുണ്ടു്. സൗജന്യവളം വിതരണത്താൽ ഗവണ്മെൻറിനു് എത്ര തുക നഷ്ടം സഹിക്കേണ്ടിവന്നു;

(ബി) വളം വില്പന നടത്തിയ ഏജൻസികൾ ഏതെല്ലാം; ടാൻസ്റ്റോർട്ടിംഗിൻറെ ചുമതല വഹിച്ചതാരാണു് ;

(സി) അധികാരികളിൽനിന്നും പാസുവാങ്ങി സൗജന്യമായി വനങ്ങളിൽനിന്നും പച്ചില വളങ്ങൾ ശേഖരിക്കുന്ന മൻപതിവിനു് ഈ വർഷത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

			ടൺ.	ഹ:
(എ)	(1)	എള്ളുപൊടി	4871	8
	(2)	നിലക്കടല പ്പിണ്ണാക്കു്	2796	9
	(3)	കൂട്ടുവളങ്ങൾ	112	17

ഈ വളങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്തതുകൊണ്ടു് 5,29,359 രൂപ സംസ്ഥാന ഗവണ്മെൻറും, ഇൻഡ്യാ ഗവണ്മെൻറുംകൂടി നഷ്ടം വഹിക്കേണ്ടതായി വന്നിട്ടുണ്ടു്.

(ബി) വളം വില്പന നടത്തിയ ഏജൻസികളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

† Please See Appendix XXIV.

LIBRARY ARCHIVES Kerala Legislative Assembly